**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2739** **24-02-2026 - ൽ മറുപടിയ്ക്ക്**

**ഐശ്വര്യ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിക ജാതി വകുപ്പിന്റെ ഐശ്വര്യ ഗ്രാമം പദ്ധതി നടത്തിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | അംബേദ്കർഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കാത്തതും 15 കുടുംബങ്ങളിൽ കുറവ് പട്ടികജാതി കുടുംബങ്ങളെങ്കിലും ഉള്ളതുമായ പ്രദേശങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിലെ നിർണായക വിടവുകൾ പരിഹരിക്കുന്നതിനുള്ള പ്രത്യേക പാക്കേജാണ് ഐശ്വര്യ ഗ്രാമംപദ്ധതി. അഞ്ച് മുതൽ പതിനാല് വരെ കുടുംബങ്ങൾ താമസിക്കുന്ന ഗ്രാമങ്ങളുടെ അടിസ്ഥാന സൗകര്യ വികസനമാണ് ഇത് ലക്ഷ്യമിടുന്നത്.<br><br>കുടിവെള്ളം, വൈദ്യുതി, മാലിന്യ നിർമാർജ്ജനം, റോഡ് കണക്റ്റിവിറ്റി, ശുചിത്വ സൗകര്യങ്ങൾ, ഇന്റർനെറ്റ് കണക്ടിവിറ്റി, വീടുകളുടെ അറ്റകുറ്റപ്പണി, സംരക്ഷണഭിത്തി, പരമ്പരാഗത ആരാധനാലയങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവർത്തികൾ ഐശ്വര്യ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതാണ് . |
| (ബി) | എം.എൽ.എ.മാരുടെ മണ്ഡലം ആസ്തി വികസന ഫണ്ട്, പ്രത്യേക വികസന ഫണ്ട് എന്നിവ ഐശ്വര്യ ഗ്രാമം പദ്ധതിയുമായി സംയോജിപ്പിച്ച് വിനിയോഗിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) | ഐശ്വര്യ ഗ്രാമം പദ്ധതിയുടെ ഭാഗമായി പ്രാദേശിക സർക്കാരുകളുടെ SCP/ജനറൽ ഫണ്ട്/MLASDF/MPLAD മറ്റ് വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ സംയോജന സാദ്ധ്യതകൾ പരിശോധിക്കുന്നതിനും അപ്രകാരമുള്ള സംയുക്ത പദ്ധതികൾക്ക് മുൻഗണന നൽകുന്നതിനും നിലവിലുള്ള സർക്കാർ ഉത്തരവ് വ്യവസ്ഥ ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ